പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3205 — 19/06/2019- ൽ മറുപടിയ്ക്ക്

## കൊപ്ര സംഭരണം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില പ്രകാരമുള്ള കൊപ്ര സംഭരണത്തിന് സംസ്ഥാനം തീരുമാനമെടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില പ്രകാരമുള്ള കൊപ്ര സംഭരണത്തിന് സംസ്ഥാനം തീരമാനമെടുത്തിട്ടുണ്ട്. 2019 വിളവെടുപ്പ കാലത്തിൽ മില്ലിംഗ് കൊപ്ര കിൻലിന് 9,521/- രൂപയും, ഉണ്ട കൊപ്ര കിന്റലിന് 9,920/- രൂപയുമാണ് കേന്ദ്ര സർക്കാർ കൊപ്രയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയിരിക്കുന്നത്. |
| (ബി) എങ്കിൽ സംഭരണത്തിന് തയ്യാറാണെന്ന് കാണിച്ചും അതിന്റെ മറ്റ് വിശദാംശങ്ങൾ അറിയിച്ചുകൊണ്ടും കേന്ദ്രകൃഷി മന്ത്രാലയത്തിന് കത്തയച്ചത് എന്നാണ്; | (ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന വില പിൻതുണ സംവിധാനം (പ്രൈസ് സപ്പോർട്ട് സിസ്റ്റം) പ്രകാരം സംഭരണ കാലയളവ് (കൊപ്രയ്ക്ക് ആറുമാസമാണ് കാലയളവ്), സംഭരിക്കാൻ ഉദ്ദേശിക്കുന്ന അളവ്, വിള കലണ്ടർ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ നിർദ്ദിഷ്ട മാതൃകയിലാണ് കൊപ്ര സംഭരണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളത്. 10.06.2019-ന് ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്രകൃഷി മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. |
| (സി) നടപടികൾ നീണ്ടു പോകുന്നത് കൊപ്ര സംഭരണത്തിനും അതുവഴി കർഷകർക്കും സൃഷ്ടിച്ചേക്കാവുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; | (സി) കൊപ്ര സംഭരണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) 130 രൂപ വരെ കിലോയ്ക്ക് വിലയുണ്ടായിരുന്ന കൊപ്രക്ക് ഇപ്പോൾ 91 രൂപയാണ് വിപണി വിലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. 2018 ജൂൺ മാസത്തെ അപേക്ഷിച്ച് 2019 ജൂണിൽ കൊപ്ര ക്വിന്റലിന് വിലക്കുറവ് ഉള്ളതായി സാമ്പത്തിക സ്ഥിതി വിവര കണക്ക് നൽകി വരുന്ന റിപ്പോർട്ട് പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ജൂൺ മാസത്തിൽ തമിഴ്നാട്ടിൽ നാളികേര വിളവെടുപ്പ് തുടങ്ങിയാൽ വീണ്ടും വിലകുറയുന്ന സാഹചര്യമുണ്ടാകുമോ; | (ഇ) | ജൂൺ മാസത്തിൽ തമിഴ്നാട്ടിൽ നാളികേര വിളവെടുപ്പ് തുടങ്ങിയാൽ വീണ്ടും വിലകുറയുവാനുള്ള സാധ്യത ഉണ്ട്. |
| (എഫ്) | സംഭരണ രംഗത്ത് രണ്ട് വർഷം മുമ്പുണ്ടായിരുന്ന സ്ഥിതി തിരിച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നടപടി സ്വീകരിച്ചു വരുന്നു. |

Sreelatha

**സെക്ഷൻ ഓഫീസർ**